പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1546

03-10-2011-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ടി.ബൽറാം<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ എത്ര തുകവരെയുള്ള കടങ്ങളാണ് എഴുതിത്തള്ളുന്നതെന്ന് വ്യക്തമാക്കാമോ ; | ബി) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമപ്രകാരം പരമാവധി 75,000/- രൂപ വരെയുള്ള കടങ്ങളാണ് എഴുതിത്തള്ളുന്നത്. |
| സി) ഇത്തരത്തിൽ ഇതുവരെ എഴുതിത്തള്ളിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ; | സി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരം ഇതിനോടകം 127 കോടി രൂപയുടെ കടങ്ങൾ എഴുതിത്തള്ളിയിട്ടുണ്ട്. (15.12.2009-ലെ സ.ഉ.(കൈ) നം.78/09/മതുവ പ്രകാരം 1182.60 ലക്ഷം രൂപയുടെ മത്സ്യഫെഡ് വഴി വിതരണം ചെയ്ത ഹഡ്കോ ഭവന വായ്പയും 24.02.10 ലെ സ.ഉ.(കൈ) നം. 9/10/മതുവ പ്രകാരം ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ മത്സ്യഫെഡ് വഴി വിതരണം ചെയ്ത 115,03,49,024 രൂപയുടെ കടവും എഴുതിത്തള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.) |
| ഡി. ഇങ്ങനെ കടം എഴുതിത്തള്ളുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ? | ഡി) കടം എടുത്തയാൾ മത്സ്യത്തൊഴിലാളി ആയിരിക്കണം. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാനുള്ള വായ്പ, ഭവന നിർമ്മാണം, വീടിന്റെ അറ്റകുറ്റപ്പണികൾ, ചികിത്സാചെലവ്, പെൺമക്കളുടെ വിവാഹം, എന്നീ ആവശ്യങ്ങൾക്കുള്ള വായ്പകളാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്. അപേക്ഷകന്റെ വ്യക്തിഗത വാർഷിക വരുമാനം 60,000/- രൂപയിൽ കവിയാൻ പാടില്ല. 31.12.2007-വരെയുള്ള വായ്പകൾക്കാണ് കടാശ്വാസം അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ